(ബി) കേന്ദ്ര സഹായത്തോടെയുള്ള ഏതെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ചേരമാൻ പള്ളി പ്രദേശത്ത് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കി ധനസഹായത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും ഈ പദ്ധതിക്ക് കേന്ദ്രാനുമതി ഇതേവരെ ലഭ്യമായിട്ടില്ല. എന്നാൽ ടൂറിസം അടിസ്ഥാനസൗകര്യ വികസനത്തിനുതകുന്ന സ്കീമിലുൾപ്പെടുത്തി ടി പള്ളിയിലെ തീർത്ഥാടകർക്കാവശ്യമുള്ള അടിസ്ഥാനസൗകര്യ വികസനത്തിന് ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രോജക്ടിന് അനുമതി നൽകുന്ന കാര്യം പരിഗണിച്ചുവരികയാണ്. ഒപ്പം കേന്ദ്രത്തിൽ സമർപ്പിച്ച പദ്ധതിക്കും സമ്മർദ്ദം ചെലുത്തുന്നതാണ്.

ശബരിമല വികസനത്തിന് വിട്ടുകിട്ടിയ വനഭൂമി

14 [3468] *ശ്രീ. ടി. എം. ജേക്കബ്:*
„ *ജോണി നെല്ലൂർ:*
„ *ഷിബു ബേബി ജോൺ:*
„ *കെ. ബി. ഗണേഷ് കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിന് വിട്ടുകിട്ടിയ 305 ഏക്കർ സ്ഥലത്തിന് പകരമായി വനവൽക്കരണത്തിനും മറ്റുമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് എത്ര കോടി രൂപയാണ് ഗവൺമെന്റിലേക്ക് അടച്ചിട്ടുള്ളത്;

(ബി) സർക്കാർ ഈ തുക ഉപയോഗിച്ച് സ്ഥലം വാങ്ങിയിട്ടുണ്ടോ;

(സി) ശബരിമല വികസനത്തിന് വിട്ടുകിട്ടിയ വനഭൂമിക്ക് പകരമായി സർക്കാർ ഭൂമി വിട്ടുകൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വനഭൂമി ലഭിക്കുന്നതിനാവശ്യമായ എൻ. പി. വി. തുക 6.41 കോടി രൂപ ദേവസ്വം ബോർഡ് അടച്ചിട്ടുണ്ട്. 305 ഏക്കർ സ്ഥലത്ത് വനവൽക്കരണത്തിനാവശ്യമായ 103 ലക്ഷം രൂപ അടയ്ക്കാൻ ബോർഡ് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ശബരിമല വികസനത്തിന് വിട്ടുകിട്ടിയ വനഭൂമിക്ക് പകരമായി കമ്പക്കല്ല് എന്ന സ്ഥലത്ത് 305 ഏക്കർ റവന്യൂ ഭൂമി വിട്ടുകൊടുക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ

15 [3469] *ശ്രീ. വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) രൂപീകരണം സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ;

(സി) സർക്കാർ സംവിധാനമായ എച്ച്. ആർ. ആന്റ് സി. ഇ. ഡിപ്പാർട്ടുമെന്റ് ഏത് തരത്തിൽ നിലനിർത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) വകുപ്പിനെ രൂപീകരിക്കുന്ന ബോർഡിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെങ്കിൽ വകുപ്പ് ജീവനക്കാരെ എപ്രകാരം നിലനിർത്താമെന്നാണ് ഉദ്ദേശിക്കുന്നത്;

(ഇ) ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട മറ്റു വ്യവസ്ഥകൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനായി ഒരു ബിൽ നിയമസഭയിൽ 2001 ഡിസംബറിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇത് സഭ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടിരിക്കുകയാണ്. പ്രസ്തുത കമ്മിറ്റി കാസർഗോഡ്, കോഴിക്കോട് എന്നീ രണ്ട് ജില്ലകളിൽ യോഗം ചേർന്ന് തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ ഇനിയും തെളിവെടുപ്പ് നടത്താനുണ്ട്. തെളിവെടുപ്പ് പൂർത്തിയായി. സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞാൽ മാത്രമേ ബിൽ പരിഗണിക്കാൻ കഴിയുകയുള്ളൂ.

(സി) -- (ഇ) തെളിവെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ഈ കാര്യങ്ങളിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly